**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3038** **25-10-2021 - ൽ മറുപടിയ്ക്ക്**

**ശംഖുമുഖം-വിമാനത്താവളം റോഡിന്റെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരത്ത് മാസങ്ങളായി തകർന്നു കിടക്കുന്ന ശംഖുമുഖം-വിമാനത്താവളം റോഡിന്റെ പുനർനിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | എയർപോർട്ട് ശംഖുമുഖം റോഡ് പുനർനിർമ്മാണം റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആദ്യഘട്ടമായ ഡയഫ്രം വാൾ നിർമ്മാണത്തിനായി 429 ലക്ഷം രൂപയും റോഡ് നിർമ്മാണത്തിനായി 110 ലക്ഷം രൂപയുമടക്കം 539 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡിസൈൻ പ്രകാരം റോഡിന്റെ സംരക്ഷണത്തിനായി 245 മീറ്റർ ഡയഫ്രം വാൾ നിർമ്മാണത്തിനായി 10.08.2020 ന് കരാർ ഉടമ്പടി വെച്ചിരുന്നു. എന്നാൽ കടൽക്ഷോഭം മൂലം 26.10.2020 ന് മാത്രമാണ് പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞത്. ഡയഫ്രം വാളിന്റെ പ്രവൃത്തി പുരോഗമിക്കവേ ടൗട്ടേ ചുഴലിക്കാറ്റിന്റെ പ്രഭാവത്തിലുണ്ടായ ശക്തമായ പ്രകൃതിക്ഷോഭം കാരണം കടൽത്തീരത്ത് കൂട്ടിയിട്ടിരുന്ന മണ്ണ് കടലെടുക്കുകയും ഗൈഡ് വാൾ ഒലിച്ച് പോകുകയും ചെയ്തു. സമീപ കാലങ്ങളിലായി ശംഖുമുഖം ഉൾപ്പെടെയുള്ള തീരമേഖലകളിൽ മുമ്പ് ഉണ്ടായിരുന്നതിൽ നിന്നും വ്യത്യസ്ഥമായി തുടരെതുടരെ ശക്തമായ കടലാക്രമണം ഉണ്ടായിരുന്നു. തുടർന്ന് കടൽ ശാന്തമായ മുറയ്ക്ക് 2021 സെപ്റ്റംബർ അവസാനം പ്രവൃത്തികൾ പുനരാരംഭിച്ചു എങ്കിലും നിരന്തരമായ ന്യൂനമർദ്ദങ്ങൾ ഉണ്ടായതുമൂലം കടൽ വീണ്ടും കരയിലേയ്ക്ക് കയറി പ്രവൃത്തിയുടെ സുഗമമായ നടത്തിപ്പിന് തടസ്സം ഉണ്ടാകുന്ന രീതിയിൽ നിലകൊള്ളുകയാണ്. എന്നിരുന്നാലും പ്രതികൂല കാലാവസ്ഥയിലും പ്രവൃത്തികൾ യുദ്ധകാലാടി സ്ഥാനത്തിൽ നടത്തി വരുന്നു. 2022 ഏപ്രിൽ മാസത്തോടുകൂടി |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുന്ന രീതിയിലാണ് പ്രവൃത്തി ക്രമീകരിച്ചിരിക്കുന്നത്. |
| (ബി) | തലസ്ഥാനത്തെ വിമാനത്താവളത്തിലേക്കുള്ള റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിൽ സർക്കാരിന് വീഴ്ച സംഭവിച്ചു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത ആക്ഷേപം സംസ്ഥാനത്തിന്റെ പ്രതിച്ഛായ നഷ്ടമാകുന്നതിന് കാരണമായി എന്ന വിമർശനം ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | ഇക്കാര്യത്തിൽ സർക്കാരിൽ വീഴ്ച സംഭവിച്ചിട്ടില്ല. സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡിസൈൻ ആസ്പദമാക്കിയാണ് ഇതുവരെയുള്ള പ്രവൃത്തികൾ നടത്തിയത്. ടൗട്ടേ ചുഴലിക്കാറ്റും ആഗോളതാപനം മൂലമുണ്ടായ കാലാവസ്ഥാ വ്യതിയാനവും തുടർന്നുണ്ടായ ന്യൂനമർദ്ദങ്ങളെ തുടർന്ന് സംഭവിച്ച കടൽക്ഷോഭവുമാണ് നാശനഷ്ടങ്ങൾ സൃഷ്ടിച്ച് പ്രവൃത്തിയുടെ സുഗമമായ പുരോഗതിയ്ക്ക് വിഘാതം സൃഷ്ടിച്ചത്. |
| (സി) | ഇതുവരെ നടന്ന അറ്റകുറ്റ പണികൾ അശാസ്ത്രീയമായതുകൊണ്ടാണോ റോഡ് വീണ്ടും ഉപയോഗശൂന്യമാകുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ? | (സി) | ഇക്കാര്യത്തിൽ സർക്കാരിൽ വീഴ്ച സംഭവിച്ചിട്ടില്ല. സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡിസൈൻ ആസ്പദമാക്കിയാണ് ഇതുവരെയുള്ള പ്രവൃത്തികൾ നടത്തിയത്. ടൗട്ടേ ചുഴലിക്കാറ്റും ആഗോളതാപനം മൂലമുണ്ടായ കാലാവസ്ഥാ വ്യതിയാനവും തുടർന്നുണ്ടായ ന്യൂനമർദ്ദങ്ങളെ തുടർന്ന് സംഭവിച്ച കടൽക്ഷോഭവുമാണ് നാശനഷ്ടങ്ങൾ സൃഷ്ടിച്ച് പ്രവൃത്തിയുടെ സുഗമമായ പുരോഗതിയ്ക്ക് വിഘാതം സൃഷ്ടിച്ചത്. |

സെക്ഷൻ ഓഫീസർ